**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസനം -വാഴൂർ ബ്ലോക്ക് പഞ്ചായത്തിലെ ജനറൽ എക്സ്റ്റൻഷൻ ഓഫീസർ ആയ ശ്രീ.കെ.എ.നാസറിന് മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് ക്ലെയിം അനുവദിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്**

സ.ഉ. (സാധാ)നമ്പർ.3174/2017/തസ്വഭവ, തിരുവനന്തപുരം, തീയതി:28/09/2017

---

പരാമർശം : 1) ശ്രീ .കെ.എ നാസർ ,ജനറൽ എക്സ്റ്റൻഷൻ ഓഫീസർ ,വാഴൂർ ബ്ലോക്ക് പഞ്ചായത്ത് സമർപ്പിച്ച 18/11/2015 ലെ അപേക്ഷ.

2) ഗ്രാമവികസന കമ്മീഷണറുടെ 05/05/2017 തീയതിയിലെ 6506/എസ്റ്റാ.സി1/17/സിആർഡി നമ്പർ കത്ത്.

3) ആരോഗ്യവകുപ്പ് ഡയറക്ടറുടെ 17/02/2017 ലെ എം.ആർ 3-92097/2016/ആ.വ.ഡ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

വാഴൂർ ബ്ലോക്ക് പഞ്ചായത്തിലെ ജനറൽ എക്സ്റ്റൻഷൻ ഓഫീസർ ആയ ശ്രീ.കെ.എ.നാസറിന് കൊച്ചി ലിസി ഹോസ്പിറ്റലിൽ നടത്തിയ ചികിത്സയ്ക്ക് ചെലവായ തുകയ്ക്ക് മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് ക്ലെയിം അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ സർക്കാരിന്റെ അനുമതിയ്ക്കായി പരാമർശം (2) പ്രകാരം ഗ്രാമവികസന കമ്മീഷണർ ശുപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചു. ശ്രീ.കെ.എ.നാസർ സമർപ്പിച്ച ക്ലയിമിൽ രൂ.88140/- (രൂപാ എൺപത്തെട്ടായിരത്തി നൂറ്റിനാൽപ്പത് മാത്രം) അനുവദനീയമായ തുകയായി കണക്കാക്കി പരാമർശം (3) പ്രകാരം ആരോഗ്യവകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.വാഴൂർ ബ്ലോക്ക് പഞ്ചായത്തിലെ ജനറൽ എക്സ്റ്റൻഷൻ ഓഫീസർ ആയ ശ്രീ.കെ.എ.നാസർ കൊച്ചി ലിസി ഹോസ്പിറ്റലിൽ നടത്തിയ ചികിത്സയ്ക്ക് ചെലവായ തുകയിൽ, അനുവദനീയമായ

തുകയായി ആരോഗ്യവകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്ത തുകയുടെ 80% ആയ 70,512/- രൂപ (എഴുപത്തിനായിരത്തി അഞ്ഞൂറ്റി പന്ത്രണ്ട് രൂപ മാത്രം) പ്രതിപൂരണം ചെയ്യുന്നതിന് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സന്തോഷ് കുമാർ.എസ്.ആർ**
**ഡെപ്യൂട്ടി സെക്രട്ടറി**

1) ശ്രീ .കെ എ നാസർ , ജനറൽ എക്സ്റ്റൻഷൻ ഓഫീസർ ,വാഴൂർ ബ്ലോക്ക് പഞ്ചായത്ത് (ഗ്രാമവികസന കമ്മീഷണർ മുഖേന)
2) ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
3) ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ, വാഴൂർ , കോട്ടയം
4) അക്കൗണ്ടന്റ് ജനറൽ (എ&ഇ /ആഡിറ്റ്), കേരള, തിരുവനന്തപുരം
5) ധനകാര്യവകുപ്പ് (അ.ഔ.കുറിപ്പ് നമ്പർ 564684/എൽ3/425/2017/ധന തീയതി 22/09/2017)
6) ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
7) വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
8) ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ